(ഡി) മാലിന്യനിർമ്മാർജ്ജന തൊഴിലാളികൾ എത്ര പേർക്ക് ത്വക്ക് രോഗവും മന്തുരോഗവും ശ്വാസകോശരോഗങ്ങളും ഉണ്ടെന്ന് വ്യക്തമാക്കുമോ ; മന്തുരോഗമുള്ള മാലിന്യനിർമ്മാർജ്ജന തൊഴിലാളികൾ ആരൊക്കെ ആണെന്നും ഏതൊക്കെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവരാണെന്നും വ്യക്തമാക്കുമോ ;

(ഇ) മാലിന്യ നിർമ്മാർജ്ജന തൊഴിലാളികളും കീടനാശിനി തളിക്കുന്ന തൊഴിലാളികളും തൊഴിൽമൂലം രോഗികളാകുന്നതും അകാലത്തിൽ മരണപ്പെടുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; കഴിഞ്ഞ അഞ്ചു കൊല്ലത്തിനുള്ളിൽ എത്ര മാലിന്യ നിർമ്മാർജ്ജന തൊഴിലാളികൾ സർവ്വീസിലിരിക്കെ മരണപ്പെട്ടിട്ടുണ്ട് ?

ഉത്തരം

(എ-ഇ) വിവരം ശേഖരിച്ചു വരുന്നു.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പദ്ധതി വിഹിതവും വിനിയോഗവും

39 (1328) ശ്രീ. സി. എഫ്. തോമസ് :
ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാർ ജനകീയാസൂത്രണ പദ്ധതിയ്ക്ക് തുടക്കമിട്ടതിനുശേഷം ഓരോ സാമ്പത്തിക വർഷവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടി എന്തു തുക നീക്കി വച്ചു ; എന്തു തുക ചെലവഴിച്ചു ; ഇത് നിർദ്ദേശിക്കപ്പെട്ട തുകയുടെ എത്ര ശതമാനമാണെന്നും വ്യക്തമാക്കുമോ ;

(ബി) ഈ പദ്ധതി ആരംഭിച്ചതിനുശേഷം ഏതെല്ലാം വർഷങ്ങളിൽ തുകയുടെ വിനിയോഗ കാലാവധി ദീർഘിപ്പിച്ചുവെന്നും അപ്രകാരം ചെയ്യാനുണ്ടായതിന്റെ കാരണങ്ങൾ എന്തെല്ലാമാണെന്നും വെളിപ്പെടുത്തുമോ ;

(സി) ഓരോ വർഷങ്ങളിലും പദ്ധതി തുക എത്ര ഗഡുക്കളായി നൽകുന്നതിനാണ് പദ്ധതിയിട്ടിരുന്നതെന്നും ഓരോ ഗഡുവും ഏതെല്ലാം തീയതികളിൽ നൽകിയെന്നും വർഷം തിരിച്ച് വെളിപ്പെടുത്തുമോ ;

(ഡി) കഴിഞ്ഞ സാമ്പത്തിക വർഷം ഇതേ കാലയളവിൽ അനുവദിച്ച ഗഡുക്കളിലും കുറവാണോ ഈ വർഷത്തെ അലോട്ട്മെന്റ് എന്നും വെളിപ്പെടുത്തുമോ ;

(ഇ) ജനകീയാസൂത്രണ പരിപാടികളുടെ പാളിച്ചകളിൽ ആസൂത്രണ ബോർഡിനും വിദഗ്ദ്ധ സമിതികൾക്കും ഏതളവുവരെ ഉത്തരവാദിത്വമുണ്ടെന്ന് അറിയിക്കാമോ ;

(എഫ്) ജനകീയാസൂത്രണ പരിപാടികളുടെ പ്രചരണത്തിനായി പ്ലാനിംഗ് ബോർഡ് പബ്ലിക് റിലേഷൻസ് വകുപ്പ്, മറ്റ് മാധ്യമങ്ങൾ എന്നിവ വഴി എന്തെല്ലാം പ്രചരണങ്ങൾ നടത്തിയെന്ന് പ്രസിദ്ധീകരിച്ച പുസ്തങ്ങളുടെ വിവരങ്ങൾ, നൽകിയ പരസ്യങ്ങളുടെ വിവരങ്ങൾ എന്നിവ സഹിതം അറിയിക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ജി) ഇക്കാര്യത്തിനുവേണ്ടി ഓരോ വിഭാഗത്തിനും എന്തു തുക ചെലവഴിച്ചു ;

(എച്ച്) ജനകീയാസൂത്രണ പരിപാടികളുമായി ബന്ധപ്പെട്ട് ഓരോ വർഷവും എത്ര ശിൽപ്പശാലകൾ, സമ്മേളനങ്ങൾ എന്നിവ ഗവൺമെന്റ് സംഘടിപ്പിച്ചുവെന്നും ഓരോ വർഷവും ഇക്കാര്യത്തിനായി എന്തു തുക ചെലവഴിച്ചുവെന്നും വിശദമാക്കാമോ ;

(ഐ) ജനകീയാസൂത്രണ പരിപാടികളുമായി ബന്ധപ്പെട്ട പ്ലാനിംഗ് ബോർഡിൽ പ്രത്യേക സെല്ലിന്റെ പ്രവർത്തനത്തിനു മാത്രമായി നാളിതുവരെ എന്തു തുക ചെലവഴിച്ചുവെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ജനകീയാസൂത്രണ പദ്ധതികൾ തുടക്കമിട്ടശേഷം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കു നീക്കി വച്ചതും ചെലവഴിച്ചതുമായ തുകയെ സംബന്ധിച്ച വിവരം ഇനി പറയും പ്രകാരമാണ്.

ഗ്രാമപഞ്ചായത്തുകൾ

വർഷം	ബഡ്ജറ്റിൽ നീക്കി വച്ച തുക	(തുക ലക്ഷത്തിൽ) ചെലവഴിച്ച തുക	ശതമാനം
1997-98	42569.63	40477.94	95.08%
1998-99	54954.00	34080.20	62.02%
1999-2000	59501.00	56661.879	95.23%
2000-01	60891.16	14133.368	23.21%

(30-11-2000 വരെ)

നഗര സഭകൾ

വർഷം	ബഡ്ജറ്റിൽ വകകൊള്ളിച്ച തുക	(തുക ലക്ഷത്തിൽ) അനുവദിച്ചു നൽകിയ തുക	ശതമാനം
1997-98	9587.00	9587.00	100%
1998-99	12277.00	12277.00	100%
1999-2000	13219.00	12235.91	92%
2000-01	13423.28	6456.51	48%

(24-2-2001 വരെ)

LIBRARY ARCHIVES Kerala Legislative Assembly

ബ്ലോക്ക് പഞ്ചായത്തുകൾ, ജില്ലാ പഞ്ചായത്തുകൾ എന്നിവയെ സംബന്ധിച്ച വിവരം ശേഖരിച്ചു വരുന്നു.

(ബി) പദ്ധതി ആരംഭിച്ച ആദ്യവർഷമായ 1997-98-ൽ മാത്രം വിനിയോഗ കാലാവധി ദീർഘിപ്പിച്ചു. ടി വർഷത്തിൽ പദ്ധതിയുടെ നടത്തിപ്പിനു വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിനുണ്ടായ കാലതാമസം കാരണം വികസന രേഖ യഥാസമയം തയ്യാറാക്കുന്നതിനും ആസൂത്രണസമിതിയുടെ അംഗീകാരം നേടുന്നതിനും കഴിയാതെ വന്നതിൽ നിശ്ചിത സമയപരിധിയ്ക്കുള്ളിൽ തുക ചെലവഴിക്കാൻ കഴിയാതെ വന്നു കൂടാതെ പ്രസ്തുത കാലയളവിൽ പാർലമെന്റ് തെരഞ്ഞെടുപ്പ് നടന്നതിനാൽ പദ്ധതി നടത്തിപ്പ് കുറച്ചു ദിവസം നിർത്തിവച്ചിരുന്നു.

(സി) 6-8-1997 ലെ സ.ഉ.(പി) 676/97/ഫിൻ നമ്പർ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്കു വിധേയമായി ഓരോ സാമ്പത്തിക വർഷവും നാലു ഗഡുക്കളായാണ് പദ്ധതി തുക തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് വിതരണം ചെയ്യുന്നത്. വർഷം തിരിച്ച് കണക്കുകൾ ശേഖരിച്ചു വരുന്നു.

(ഡി) ഇല്ല.

(ഇ) പാളിച്ചകൾ ഉണ്ടായിട്ടില്ല.

(എഫ്) വിവരം ശേഖരിച്ചു വരുന്നു.

(ജി,എച്ച്&ഐ) വിവരം ശേഖരിച്ചു വരുന്നു.

ക്രമക്കേടുകൾക്ക് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ നടപടി

40 (1329) ശ്രീ. പി. കെ. അബ്ദുറബ്ബ് :
ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ :
ശ്രീ. നാലകത്ത് സൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജനകീയാസൂത്രണം നടപ്പിൽ വരുത്തുന്നതിനുള്ള ചെലവിന്റെ കണക്ക് ആഡിറ്റ് ചെയ്യുന്നതിന് നിയമാനുസരണമുള്ള കാലാവധി എത്രയാണ് ;

(ബി) ഇത് സംബന്ധിച്ചുള്ള ആഡിറ്റ് റിപ്പോർട്ട് നിയമസഭയിൽ വയ്ക്കണമെന്ന ലോക്കൽ ഫണ്ട് ആഡിറ്റ് നിയമം സർക്കാർ പാലിച്ചിട്ടുണ്ടോ ;

(സി) കേരള പഞ്ചായത്ത് രാജ് നിയമം അനുസരിച്ച് ആഡിറ്റ് സമയ പരിധിയ്ക്ക് മുൻപുതന്നെ പൂർത്തിയാക്കാൻ നടപടിയെടുത്തിട്ടുണ്ടോ ;

(ഡി) അഴിമതിക്കാരായവരെ രക്ഷപ്പെടുത്തുന്നതിന് മന:പൂർവ്വം ആഡിറ്റ് താമസിപ്പിക്കുന്നതായിട്ട് മാധ്യമങ്ങളിൽ വന്നിട്ടുള്ള പരാമർശം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly